# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4107 — 18.10.2011 ൽ മറുപടിയ്ക്ക്

ഇടുക്കി പൈനാവ് കോളനിയിലെ ക്വാർട്ടേഴ്സുകളുടെ ശോച്യാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഇടുക്കി പൈനാവ് കോളനിയിലെ D 25, D26, D35 എന്നീ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിന് പുതുക്കിയ റേറ്റ് അനുസരിച്ച് എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ; | ബി) | ക്വാർട്ടർ ഡി 25 ന് 80,000/- രൂപയ്ക്കും. ഡി-26, ഡി -35 എന്നീ ക്വാർട്ടേഴ്സുകൾക്ക് 6,00,000/- രൂപയ്ക്കും, 2010 SoR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത ക്വാർട്ടേഴ്സ് പൈനാവ് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ പേരിൽ ഇയർമാർക്ക് ചെയ്തു നൽകിയാൽ സ്വന്തം നിലയിൽ അറ്റകുറ്റ പണികൾ നടത്തി വാസയോഗ്യമാക്കി ഉപയോഗിക്കാമെന്നറിയിച്ചുകൊണ്ടുള്ള പ്രസ്തുത കോളേജ് പ്രിൻസിപ്പാളിന്റെ 21.6.2011-ലെ പി/644/2010-ാംനമ്പർ കത്ത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ഡി) | ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ഉള്ള ഫയലിന്മേൽ (ഫയൽ നം. 13147/ഇ2/2011/പി.ഡബ്ല്യു.ഡി) അനുകൂല നടപടി സ്വീകരിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ? | ഡി) | മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് 13147/ഇ2/2011/പൊ.മ.വ നമ്പർ ഫയലിൽ നടപടികൾ സ്വീകരിക്കുകയും, 31-8-2011 ലെ സ.ഉ. (സാധാ ) നം 1135/2011/പൊ.മ.വ പ്രകാരം, ഇടുക്കി ജില്ലയിലെ പൈനാവ് കോളനിയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഡി25, ഡി26, ഡി35 എന്നീ ക്വാർട്ടേഴ്സുകൾ, ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരെയും, വിദ്യാർത്ഥികളെയും മാറ്റി താമസിപ്പിക്കുന്നതിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

Meyadeen

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

പൊതുമരാമത്ത് വകുപ്പ് - ഇടുക്കി ജില്ലയിലെ പൈനാവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഡി25, ഡി26, ഡി35 എന്നീ ഒഴിഞ്ഞ് കിടക്കുന്ന ക്വാർട്ടേഴ്സുകൾ, ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുമരാമത്ത് ( ഇ) വകുപ്പ്

സ.ഉ (സാധാ) നം. 1135/2011/പൊമവ തീയതി, തിരുവനന്തപുരം, 31-08-2011

---

സൂചന.- 1. ഇടുക്കി ജില്ലാകളക്ടറുടെ 23-6-2011 ലെ ഇ1-24/02 നമ്പർ കത്ത്.
2. പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 14-7-2011 ലെ സി.ഇ/ബി.എൽ/ഐ.ഡി.കെ/6229/2011 നമ്പർ കത്ത്.

ഇടുക്കി ജില്ലാ കളക്ടറുടെയും പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെയും പരാമർശ കത്തുകളിലെ ശുപാർശ കണക്കിലെടുത്ത്, ഇടുക്കി ജില്ലയിലെ പൈനാവു കോളനിയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഡി25, ഡി26, ഡി35 എന്നീ ക്വാർട്ടേഴ്സുകൾ, ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരെയും വിദ്യാർത്ഥികളെയും മാറ്റി താമസിപ്പിക്കുന്നതിനായി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.അനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി
ചീഫ് എഞ്ചിനിയർ, പൊതുമരാമത്ത്(കെട്ടിട വിഭാഗം), തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section Officer